# الصَّوَارِفُ عَنِ الحَقِّ

# സത്യത്തിൽ നിന്ന്
# വഴിതെറ്റിക്കുന്ന കാര്യങ്ങൾ


ഗ്രന്ഥകാരൻ

**ഹമദ് ബ്ൻ ഇബ്റാഹീം അൽ– ഉഥ്മാൻ**

വിവർത്തനവും അടിക്കുറിപ്പുകളും

**അബ്ദുൽ മുഹ്സിൻ അയ്ദീദ്, പൊന്നാനി**

# ആമുഖം

അല്ലാഹു സൃഷ്ടികളെ ശുദ്ധ പ്രകൃതിയിലാണ് സൃഷ്ടിച്ചിട്ടുള്ളത്.

﴿ فِطۡرَتَ ٱللَّهِ ٱلَّتِي فَطَرَ ٱلنَّاسَ عَلَيۡهَاۚ ﴾ الروم: ٣٠

അല്ലാഹു പറഞ്ഞു : "അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ (ഫിത്വ്റത്ത്) സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ [1] അത്." (30:30)

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റ) പറഞ്ഞു : "ഹഖിനെ (സത്യം) ഇഷ്ടപ്പെടുകയും, അതിന് വേണ്ടി തേടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ സൃഷ്ടിയാണ് ഹൃദയം." (അൽ- ഫതാവ: 10/88.)

അദ്ദേഹം വീണ്ടും പറഞ്ഞു : "ഹഖ് മനുഷ്യന് പ്രകൃത്യാ തന്നെ പ്രിയങ്കരമാണ്. ശുദ്ധപ്രകൃതിക്ക് (ഫിത്വ്റത്ത്) ഏറ്റവും പ്രിയങ്കരവും, അതിന്റെയടുക്കൽ ഏറ്റവും മഹത്തരമായതും, മധുരതരമായതും ഹഖാണ്. യാഥാർഥ്യമൊട്ടുമില്ലാത്ത ബാത്വിലിനെ (വഴികേട്, അസത്യം) ഫിത്വ്റത്ത് തീരെ ഇഷ്ടപ്പെടുകയില്ല." (അൽ- ഫതാവ: 16/338)

സത്യത്തോടുള്ള സ്നേഹത്തിൽ സൃഷ്ടിക്കപ്പെട്ടതാണ് ഹൃദയമെന്നതോടൊപ്പം, അത് തിരിച്ചറിയാനുള്ള കഴിവും അതിനുണ്ട്.

﴿ قَالَ رَبُّنَا ٱلَّذِيٓ أَعۡطَىٰ كُلَّ شَيۡءٍ خَلۡقَهُۥ ثُمَّ هَدَىٰ ٥٠ ﴾ طه: ٥٠

മൂസ(അ) പറഞ്ഞതായി അല്ലാഹു പറഞ്ഞു : "മൂസാ പറഞ്ഞു: ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും, എന്നിട്ട് (അതിന്) വഴി കാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്." (20:50)

عَنِ النَّوَّاسِ بْنِ سَمْعَانَ الْأَنْصَارِيِّ، قَالَ: سَأَلْتُ رَسُولَ اللهِ -ﷺ-، عَنِ الْبِرِّ وَالْإِثْمِ فَقَالَ: «**الْبِرُّ حُسْنُ الْخُلُقِ، وَالْإِثْمُ مَا حَاكَ فِي صَدْرِكَ، وَكَرِهْتَ أَنْ يَطَّلِعَ عَلَيْهِ النَّاسُ**»

നവ്വാസ് ബ്നു സംആൻ(റ) നിവേദനം : ഞാൻ നബിﷺയോട് നന്മയെയും തിന്മയെയും കുറിച്ച് ചോദിച്ചു: അവിടുന്ന് പറഞ്ഞു: "തിന്മയെന്നാൽ നിന്റെ ഹൃദയത്തിൽ ചൊറിച്ചിലുണ്ടാക്കുന്നതും [2], ജനങ്ങൾ അറിയുന്നതിൽ നിനക്ക് വെറുപ്പുള്ളതുമായ കാര്യമാണ്." (മുസ്‌ലിം: 2553.)

---

[1] ശൈഖ് നാസ്വിർ അസ്സഅ്ദി(റ) പറഞ്ഞു : "ഇസ്‌ലാമിലെ എല്ലാ നിയമങ്ങളും അല്ലാഹു എല്ലാ സൃഷ്ടികളുടെയും ഹൃദയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. സത്യത്തോടുള്ള സ്നേഹവും, അതിനെ പരിഗണിക്കുക എന്നതും എല്ലാവരുടെ മനസ്സിലുമുണ്ട്. ഫിത്വ്റത്തിന്റെ (ശുദ്ധപ്രകൃതി) യാഥാർഥ്യം എന്നാൽ അതാണ്. ആരിലെങ്കിലും ഇത് കാണപ്പെടുന്നില്ലെങ്കിൽ അത് അവന്റെ ശുദ്ധപ്രകൃതിയെ നശിപ്പിച്ച എന്തെങ്കിലും സംഭവം അവന്റെ ജീവിതത്തിൽ ഉണ്ടായത് കൊണ്ടായിരിക്കും." (തഫ്സീറുസ്സഅ്ദി: 640.)

[2] മനസ്സിൽ സംശയമുണ്ടാക്കുന്നതും, തിന്മയാകുമോ എന്ന ഭയം മനസ്സിൽ നിലനിർത്തുന്നതുമായ കാര്യം എന്നാണ് അത് കൊണ്ടുള്ള ഉദ്ദേശം. (ഫുആദ് അബ്ദുൽ ബാഖിയുടെ അടിക്കുറിപ്പുകളിൽ നിന്ന്.)

ഇബ്നു തൈമിയ്യ(റ) പറഞ്ഞു : "വിശ്വാസങ്ങളിലും ഉദ്ദേശങ്ങളിലും ഹഖിന് ബാത്വിലിനെക്കാൾ മുൻഗണന നൽകുവാൻ പ്രേരിപ്പിക്കുന്ന (കാര്യം) ഹൃദയത്തിൽ നിക്ഷേപിതമാണ്. മനസ്സ് ശുദ്ധപ്രകൃതിയിലാണ് ജനിച്ചിട്ടുള്ളത് എന്നതിന് അത് മതിയായ തെളിവാണ്." (ദർഉത്തആറുദ്: 8/463.)

അദ്ദേഹം പറയുന്നു : "സത്യവും അതിനെ സത്യപ്പെടുത്തലും, അസത്യത്തെ തിരിച്ചറിയലും അതിനെ കളവാക്കലും, ഉപകാരപ്രദമായത് അറിയലും അതിനെ ഇഷ്ടപ്പെടുക എന്നതും, ഉപദ്രവകരമായത് അറിയലും അതിനെ വെറുക്കലും ഉൾക്കൊള്ളുന്ന ശുദ്ധപ്രകൃതിയുമായി കൊണ്ടാണ് അല്ലാഹു അവന്റെ ദാസന്മാരെ സൃഷ്ടിച്ചത്.

സത്യമായി നിലകൊള്ളുന്ന യാഥാർഥ്യങ്ങളെയെല്ലാം ശുദ്ധപ്രകൃതി സത്യപ്പെടുത്തുകയും, അതിനെ തിരിച്ചറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു. യാഥാർഥ്യമില്ലാത്ത അസത്യങ്ങളെയെല്ലാം ശുദ്ധപ്രകൃതി വെറുക്കുകയും കളവാക്കുകയും നിഷേധിക്കുകയും ചെയ്യുന്നു." (അൽ-ഫതാവ: 8/463)

സത്യത്തെ തിരിച്ചറിയുക, അത് ലക്ഷ്യം വെക്കുക, അതിനെ സ്നേഹിക്കുക എന്നിങ്ങനെ മനസ്സുകളിൽ നിക്ഷേപിതമായ ഈ കാര്യങ്ങൾ അല്ലാഹുവിന്റെ മതനിയമങ്ങളാൽ സാക്ഷ്യം വഹിക്കപ്പെട്ട കാര്യങ്ങൾ കൂടിയാണ്.

﴿ أَفَمَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِۦ وَيَتْلُوهُ شَاهِدٌ مِّنْهُ ﴾ هود: ١٧

അല്ലാഹു പറഞ്ഞു : "എന്നാൽ ഒരാൾ തന്റെ രക്ഷിതാവിങ്കൽ നിന്ന് ലഭിച്ച വ്യക്തമായ തെളിവിനെ (ബയ്യിനത്ത്) അവലംബിക്കുന്നു. അവങ്കൽ നിന്നുള്ള ഒരു സാക്ഷി (ശാഹിദ്) അതിനെ തുടർന്ന് വരുകയും ചെയ്യുന്നു." (11:17)

ഈ ആയത്തിൽ 'ബയ്യിനത്ത്' (തെളിവ്) എന്ന് പറഞ്ഞത് അല്ലാഹു ഇറക്കിയ വഹ്‌യിനെ (ദിവ്യബോധനത്തെ) സംബന്ധിച്ചും, 'ശാഹിദ്' (സാക്ഷ്യം) എന്ന് പറഞ്ഞത് നേരെനിലകൊള്ളുന്ന ശുദ്ധപ്രകൃതിയെയും, ശരിയായ ബുദ്ധിയെയും ഉദ്ദേശിച്ചുമാണ്.

ശൈഖ് നാസിർ അസ്സഅ്ദി(റ) പറഞ്ഞു : "മതമെന്നാൽ എല്ലാ വിഷയങ്ങളിലും സത്യം തിരിച്ചറിയലും, അതനുസരിച്ച് പ്രവർത്തിക്കലുമാണ്." (തയ്സീറുല്ലത്തീഫുൽ മന്നാൻ: 50)

മനസ്സുകൾ ശുദ്ധപ്രകൃതിയിൽ നിലകൊള്ളുകയാണെങ്കിൽ അത് സത്യത്തെയല്ലാതെ അന്വേഷിക്കുകയില്ല. സത്യമാകട്ടെ സുവ്യക്തവുമാണ്.

മുആദ് ബ്നു ജബൽ(റ) പറഞ്ഞു : "സത്യത്തിന് മേൽ ഒരു പ്രകാശമുണ്ടായിരിക്കും." (ഹാകിം: 4/460, ഹാകിമും ദഹബിയും സ്വഹീഹ് എന്ന് വിലയിരുത്തി.)

അബ്ദുല്ലാഹിബ്നു സല്ലാം(റ)വിനെ നോക്കൂ! അദ്ദേഹം യഹൂദനായിരുന്നു. മദീനയിലേക്ക് ഹിജ്റ പോയ അദ്ദേഹം നബിﷺയെ കണ്ടപ്പോൾ, അവിടുത്തെ മുഖത്ത് സത്യത്തിന്റെ വെളിച്ചം കണ്ടു.

عَنْ عَبْدِ اللهِ بْنِ سَلَامٍ، قَالَ: لَمَّا قَدِمَ النَّبِيُّ -ﷺ- انْجَفَلَ النَّاسُ عَلَيْهِ، فَكُنْتُ فِيمَنِ انْجَفَلَ، فَلَمَّا تَبَيَّنْتُ وَجْهَهُ عَرَفْتُ أَنَّ وَجْهَهُ لَيْسَ بِوَجْهِ كَذَّابٍ، فَكَانَ أَوَّلُ شَيْءٍ سَمِعْتُهُ يَقُولُ: **«أَفْشُوا السَّلَامَ، وَأَطْعِمُوا الطَّعَامَ، وَصِلُوا الْأَرْحَامَ، وَصَلُّوا وَالنَّاسُ نِيَامٌ تَدْخُلُوا الْجَنَّةَ بِسَلَامٍ»**

അദ്ദേഹം പറയുന്നു : "നബിﷺ മുന്നോട്ട് വന്നപ്പോൾ ജനങ്ങൾ അദ്ദേഹത്തിന്റെ അടുക്കലേക്ക് ധൃതിപ്പെട്ട് പോയി. ഞാനും അക്കൂട്ടത്തിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുഖം ഞാൻ വ്യക്തമായി കണ്ടപ്പോൾ എനിക്ക് മനസ്സിലായി അതൊരു കളവ് പറയുന്നവന്റെ മുഖമല്ലെന്ന്. അവിടുന്ന് പറയുന്നതായി ഞാൻ ആദ്യം കേട്ടത് ഇതായിരുന്നു. "നിങ്ങൾ സലാം പ്രചരിപ്പിക്കുക, ഭക്ഷണം നൽകുക, കുടുംബബന്ധം ചേർക്കുക, ജനങ്ങൾ ഉറങ്ങുമ്പോൾ (രാത്രി എഴുന്നേറ്റ്) നമസ്കരിക്കുക. സമാധാനത്തോടെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാം." (അഹ്മദ്: 5/451, തിർമിദി: 2485, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

സൃഷ്ടികളുടെ മേൽ തെളിവ് സ്ഥാപിക്കുകയും, പ്രവാചകന്മാരെ അയക്കുകയും, സത്യം വ്യക്തമാക്കി നൽകുകയും ചെയ്തതോടൊപ്പം അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ വഴികേടിലാക്കുകയും, അവനുദ്ദേശിക്കുന്നവരെ സന്മാർഗത്തിലാക്കുകയും ചെയ്യുന്നു.

എന്നാൽ ഒരടിമയുടെ മേലുള്ള നിർബന്ധ ബാധ്യത തന്റെ ശുദ്ധപ്രകൃതിയിൽ മുറുകെപ്പിടിച്ച് ജീവിതം തുടരാൻ പരിശ്രമിക്കുക എന്നതും, സത്യത്തിൽ നിന്ന് തന്നെ തെറ്റിച്ച് കളയുന്നതും തടുക്കുന്നതുമായ കാര്യങ്ങളെ സൂക്ഷിക്കുകയും ചെയ്യുക എന്നതാണ്. എന്തെങ്കിലും കാര്യങ്ങൾ അവനെ സത്യത്തിൽ നിന്ന് തിരിച്ച് കളയുകയാണെങ്കിൽ ഉടനെ അത് തിരിച്ചറിയുകയും, സത്യത്തിലേക്ക് തിരിച്ചു വരികയും, അതിനെ മുറുകെ പിടിക്കുകയുമാണ് അവൻ ചെയ്യേണ്ടത്. ഒരു വ്യക്തിക്ക് സത്യത്തെ സ്നേഹിക്കാനും, അന്വേഷിച്ചു കൊണ്ടിരിക്കാനും, മുറുകെ പിടിക്കാനും കഴിയുക എന്നത് അവന് മേൽ അല്ലാഹു ചെയ്ത അനുഗ്രഹങ്ങളിൽ ഏറ്റവും മഹത്തരമായതാണ്.

ഇബ്നു ഹസ്മ്(റ) പറഞ്ഞു : "നീതിയിലും സത്യത്തിലും നിലകൊള്ളുകയും, അതിനെ സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്യുന്നവനാക്കി ഒരാളെ അല്ലാഹു മാറ്റുക എന്നതാണ് അവന്റെ മേൽ അല്ലാഹു ചെയ്യുന്ന ഏറ്റവും ശ്രേഷ്ഠകരമായ അനുഗ്രഹം." (മുദാവാതുന്നുഫൂസ്: 31)

ഇബ്നുൽ ഖയ്യിം(റ) പറഞ്ഞു : "മനുഷ്യന്റെ പരിപൂർണത രണ്ട് അടിസ്ഥാനങ്ങളിലാണ്. സത്യത്തെ അസത്യത്തിൽ നിന്ന് വേർതിരിച്ചറിയലും, അത് മുറുകെ പിടിക്കാൻ തീരുമാനിക്കലുമാണത്. അല്ലാഹുവിന്റെ അടുക്കൽ ഇഹ-പരലോകങ്ങളിലെ സൃഷ്ടികളുടെ സ്ഥാനം ഈ രണ്ട് കാര്യങ്ങളിലുള്ള ഏറ്റക്കുറച്ചിലുകളുടെ അടിസ്ഥാനത്തിലാണ് മാറിമറിയുന്നത്." (അൽ-ജവാബുൽ കാഫി: 139)

ഈ ഗ്രന്ഥത്തിൽ ഞാൻ പരാമർശിക്കുന്നത് സത്യത്തിൽ നിന്ന് നമ്മെ തെറ്റിച്ചു കളയുന്ന ചില കാര്യങ്ങളെ കുറിച്ചാണ്. നീ തീർച്ചയായും തിരിച്ചറിഞ്ഞിരിക്കുകയും, വിട്ടുനിൽക്കുകയും ചെയ്യേണ്ട കാര്യങ്ങളാണ് അവ.

അല്ലാഹു സത്യത്തിന്റെ വക്താക്കളിലും, അതിലേക്ക് ക്ഷണിക്കുന്നവരിലും നമ്മെ ഉൾപ്പെടുത്തട്ടെ.

വഴികേടിന്റെയും നാശത്തിന്റെയും മാർഗങ്ങളിൽ നിന്ന് അല്ലാഹു നമ്മെ അകറ്റുമാറാകട്ടെ.

ഇനി പരാമർശിക്കുന്ന എല്ലാ കാര്യങ്ങളും അടിസ്ഥാന കാരണം ഉദ്ദേശ്യശുദ്ധിയില്ലായ്മയോ, അറിവില്ലായ്മയോ, അതിക്രമമോ ആണ്.

അല്ലാഹു അഅ്ലം.

# 1 - അറിവില്ലായ്മ

സത്യം വ്യക്തമാണ്.

﴿ وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿١٧﴾ ﴾ القمر: ١٧

അല്ലാഹു പറഞ്ഞു : "തീർച്ചയായും ആലോചിച്ചു മനസ്സിലാക്കാൻ ഖുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു.[3] എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?" (സൂറഃ അൽ- ഖമർ: 17)

പാരായണം എളുപ്പമാകുന്നതിന് വേണ്ടി ഖുർആനിന്റെ പദങ്ങളും, ആശയം ഗ്രഹിക്കുന്നത് എളുപ്പമാകുന്നതിന് വേണ്ടി അതിന്റെ അർഥവും അല്ലാഹു ലളിതമാക്കിയിരിക്കുന്നു.

عَنِ النُّعْمَانِ بْنِ بَشِيرٍ -رَضِيَ اللَّهُ عَنْهُ-، قَالَ: قَالَ النَّبِيُّ -ﷺ-: «الحَلَالُ بَيِّنٌ، وَالحَرَامُ بَيِّنٌ، وَبَيْنَهُمَا أُمُورٌ مُشْتَبِهَةٌ»

നബിﷺ പറഞ്ഞു : "ഹലാൽ വ്യക്തമാണ്, ഹറാമും വ്യക്തമാണ്. അവക്കിടയിൽ അവ്യക്തമായ ചില കാര്യങ്ങളുണ്ട്." (ബുഖാരി:52, മുസ്‌ലിം:1599)

മതവിഷയങ്ങൾ എല്ലാവർക്കും മനസ്സിലാക്കാൻ കഴിയും വിധം സുവ്യക്തമാണ് എന്നതിൽ മുസ്‌ലിം ഉമ്മത്ത് മുഴുവൻ യോജിച്ചിരിക്കുന്നു (ഇജ്മാഅ് ഉണ്ടായിരിക്കുന്നു). (ഇപ്രകാരം മതപ്രമാണങ്ങൾ എളുപ്പമായിട്ടു കൂടി) ഖുർആനിന്റെയും സുന്നത്തിന്റെയും തെളിവുകളെ കുറിച്ചും, സ്വഹാബികളുടെയും താബിഈങ്ങളുടെയും വാക്കുകളെ കുറിച്ചും അറിവും ബോധ്യവുമില്ലാത്തവരെയും, അത്തരം കാര്യങ്ങളെ വേണ്ട വിധം പരിഗണിക്കാത്തവരെയും അസത്യങ്ങൾ വേഗം ബാധിക്കുന്നത് അവരുടെ അശ്രദ്ധ കൊണ്ടാണ്.

قال الإمام أحمد: «إِنَّمَا جَاءَ خِلَافُ مَنْ خَالَفَ لِقِلَّةِ مَعْرِفَتِهِمْ بِمَا جَاءَ عَنِ النَّبِيِّ -ﷺ-»

ഇമാം അഹ്‌മദ്(റ) പറഞ്ഞു : "(സത്യത്തോട്) എതിരായ എല്ലാവരുടെയും എതിർപ്പിനുള്ള കാരണം നബിﷺയിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടവയെ (ഹദീഥ്) സംബന്ധിച്ചുള്ള അവരുടെ അറിവ് കുറവ് മാത്രമാണ്." [4]

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റ) പറഞ്ഞു : "സത്യം എല്ലാവർക്കും അറിയാൻ കഴിയും. (മതത്തെ കുറിച്ച്) വ്യക്തമായ അറിവ് നേടിയവന് ഒരിക്കലും പ്രവാചകന്മാരുടെ കൈകളിൽ അല്ലാഹു കൊടുത്തയച്ച സത്യം (ഹഖ്) അസത്യവുമായി കൂടിക്കുഴഞ്ഞ് അനുഭവപ്പെടുകയില്ല. സ്വർണം പരിശോധിക്കുന്ന തട്ടാന് ഉലയിലിട്ട ശുദ്ധമായ സ്വർണവും അതിൽ കൂടിക്കലർന്ന ഇരുമ്പും തമ്മിൽ അവ്യക്തതയുണ്ടാകാത്തത് പോലെ." [5]

---

[3] ഇബ്നു അബ്ബാസ്(റ) പറഞ്ഞു : "അല്ലാഹു ആദമിന്റെ മക്കൾക്ക് ഖുർആൻ എളുപ്പമാക്കി നൽകിയിരുന്നില്ലായിരുന്നെങ്കിൽ അവരിലൊരാൾക്കും തന്നെ അല്ലാഹുവിന്റെ സംസാരം തന്റെ നാവ് കൊണ്ട് ഉച്ചരിക്കാൻ സാധിക്കില്ലായിരുന്നു." (ഇബ്നു കഥീർ: 7/478.)

[4] ഇഅ്‌ലാമുൽ മുവഖിഈൻ: 1/44.

[5] അൽ- ഫതാവ: 27/315 - 316.

അദ്ദേഹം പറഞ്ഞു : "യാതൊരു ഒഴിവുകഴിയും നൽകാത്തവണ്ണം വഴിതെറ്റിപ്പോകുന്നതിൽ നിന്ന് രക്ഷിക്കുന്ന എല്ലാ കാര്യങ്ങളെ കുറിച്ചും നബിﷺ വ്യക്തമായി [6] സംസാരിച്ചിരിക്കുന്നു." (ദർഉത്തആറുദ്: 1/73.)

അദ്ദേഹം പറഞ്ഞു : "നിരക്ഷരരും പാമരന്മാരുമായ അറിവില്ലാത്തവർക്കോ, (അറിഞ്ഞിട്ടും) വാക്കുകളെ ദുർവ്യാഖ്യാനിക്കുന്ന, കപടവിശ്വാസത്തിന്റെ (നിഫാഖ്) ശാഖകൾ (മനസ്സിൽ) കൊണ്ടുനടക്കുന്നവർക്കോ [7] ആണ് അധികസാഹചര്യങ്ങളിലും ഹഖ് നഷ്ടപ്പെടാറുള്ളത്." (അൽ-ഫതാവ: 25/129)

ഇമാം അശ്ശൗകാനി(റ) പറഞ്ഞു : "അസത്യത്തിന്റെ വാദങ്ങളിലേക്ക് ചായ്‌വ് കാണിക്കുക എന്നത് വിഷയങ്ങളിൽ വ്യക്തമായ പഠനം നടത്തുന്ന പൂർണമായ ഗ്രാഹ്യശേഷിയും, ശക്തമായ അവഗാഹവും, ധാരാളം തെളിവുകളുടെയും, സ്വീകാര്യമായ നിവേദങ്ങളുടെയും പിൻബലവുമുള്ളവരുടെ രീതിയില്ല. മറിച്ച് ഉപകാരപ്രദമായ വിജ്ഞാനവും, വിഷയങ്ങളിൽ ആഴത്തിലുള്ള ഉൾക്കാഴ്ച്ചയുമില്ലാത്തവരുടെ രീതിയാണത്." (അദബുത്ത്വലബ്: 40)

യഹൂദനായ അബ്ദുല്ലാഹിബ്നു സബഅ് [8] നിർമ്മിച്ച, ഇസ്‌ലാമിലെ ഏറ്റവും വഴിപിഴച്ച കക്ഷിയായ റാഫിദികൾക്ക് [9] വരെ ചില മുസ്‌ലിംകളുടെ മേൽ അവരുടെ അറിവില്ലായ്മ കാരണത്താൽ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

---

[6] ഇതിന് ധാരാളം തെളിവുകളുണ്ട്. അവയിൽ രണ്ട് തെളിവുകൾ താഴെ കൊടുക്കുന്നു :

* عَنْ عَبْدِ اللَّهِ بْنِ عَمْرِو بْنِ الْعَاصِ قَالَ رَسُولُ اللهِ -ﷺ- « إِنَّهُ لَمْ يَكُنْ نَبِيٌّ قَبْلِي إِلاَّ كَانَ حَقًّا عَلَيْهِ أَنْ يَدُلَّ أُمَّتَهُ عَلَى خَيْرِ مَا يَعْلَمُهُ لَهُمْ وَيُنْذِرَهُمْ شَرَّ مَا يَعْلَمُهُ لَهُمْ ...» (مسلم)

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വ്(റ) നിവേദനം : നബി(സ) പറഞ്ഞു : "എനിക്ക് മുൻപ് ഒരു പ്രവാചകനമുണ്ടായിട്ടില്ല; തന്റെ സമുദായത്തിന് തനിക്കറിയുന്ന നന്മ അറിയിക്കലും, തിന്മയിൽ നിന്ന് താക്കീത് ചെയ്യലും ബാധ്യതയാക്കപ്പെടാതെ..." (മുസ്‌ലിം)

അബൂദർ അൽ-ഗിഫാരി പറയുന്നു : "ആകാശത്തു കൂടെ ചിറക് വിടർത്തി പറക്കുന്ന ഒരു പക്ഷിയെ കുറിച്ചാണെങ്കിൽ കൂടി എന്തെങ്കിലുമൊരു വിജ്ഞാനം ഞങ്ങൾക്ക് പകർന്നു നൽകാതെ പ്രവാചകൻ(സ) ഞങ്ങളെ വിട്ടേച്ച് പോയിട്ടില്ല." (അഹ്മദ്:20853)

[7] ഈ രണ്ട് വിഭാഗത്തിന്റെയും പ്രശ്നങ്ങൾ രണ്ട് കാര്യങ്ങളിൽ ചുരുക്കാൻ സാധിക്കും. അറിവില്ലായ്മയും (الجَهْلُ) ഉദ്ദേശ്യശുദ്ധിയില്ലായ്മയുമാണ് (الظُّلْمُ) അവ. ഇവ രണ്ടും മനുഷ്യന്റെ വഴികേടിന്റെ കാരണമാണെന്ന് അല്ലാഹു സൂചന നൽകിയിട്ടുണ്ട്.

﴿إِنَّهُۥ كَانَ ظَلُومًا جَهُولًا ﴿٧٢﴾﴾ الأحزاب: ٧٢

അല്ലാഹു പറഞ്ഞു : "മനുഷ്യൻ വലിയ അതിക്രമിയും അറിവില്ലാത്തവനുമായിരിക്കുന്നു." (അൽ-അഹ്സാബ്: 72.) മേലെ നൽകിയ ആയത്ത് സൂചിപ്പിച്ചു കൊണ്ട് ഇബ്നു തൈമിയ്യ(റ) പറഞ്ഞു : "അല്ലാഹു ആക്ഷേപിച്ച അഭിപ്രായവ്യത്യാസങ്ങളുടെ കാരണം രണ്ടിലൊന്നായിരിക്കും... ഉദ്ദേശശുദ്ധിയില്ലായ്മയും അറിവില്ലായ്മയുമാണ് അവ. എല്ലാ തിന്മകളുടെയും അടിസ്ഥാനം ഇവയാണ്." (ഇഖ്തിദാഉസ്സ്വിറാത്ത്: 1/130-139 ആശയവിവർത്തനം.)

[8] പുറമേക്ക് ഇസ്‌ലാം പ്രകടിപ്പിച്ച യമനിൽ ജനിച്ച ഒരു യഹൂദനായിരുന്നു ഇയാൾ. ഈസ(അ) തിരിച്ചു വരുമെന്നത് പോലെ മുഹമ്മദ് നബി(സ)യും തിരിച്ചു വരുമെന്ന് ഇയാൾ മുസ്‌ലിംകൾക്കിടയിൽ പ്രചരിപ്പിച്ചു. ഉഥ്മാൻ(റ)വിന്റെ വധത്തിന് ശേഷം നിലനിന്ന പ്രശ്നഭരിതമായ സാഹചര്യം മുതലെടുത്തുകൊണ്ട് അലി(റ)വിന്റെ വിഷയത്തിൽ അതിരു കവിഞ്ഞുള്ള സംസാരം ഇയാൾ ആരംഭിച്ചു. അലി(റ) ദൈവമാണെന്നിടത്ത് വരെ അയാളുടെ വാദം ചെന്നെത്തി. അഹ്‌ലുൽ ബയ്ത്തിനോടുള്ള മുസ്‌ലിം മനസ്സുകളിലെ സ്നേഹവും ആദരവും മുതലെടുത്തു കൊണ്ടായിരുന്നു അബ്ദുല്ലാഹിബ്നു സബഅ് ശിയാ കക്ഷിക്ക് രൂപം നൽകിയത്. അയാൾ തുടങ്ങി വെച്ച ഫിത്ന മുസ്‌ലിം സമൂഹത്തെ വളരെയധികം ബാധിച്ചെങ്കിലും, ക്രൈസ്തവ സമൂഹം പിഴച്ചു പോയത് പോലെ

ഇബ്നു തൈമിയ്യ(റ) പറഞ്ഞു : "നിരീശ്വരവാദിയും മതനിഷേധിയും ഇസ്‌ലാമിനോടും മുസ്‌ലിംകളോടും ശത്രുതയുള്ളവനുമായ (അബ്ദുല്ലാഹിബ്നു സബഇ) ന്റെ നിർമ്മിതിയായിരുന്നു റാഫിദികൾ. ചില തെളിവുകൾ ദുർവ്യാഖ്യാനിച്ച് കൊണ്ട് കടന്നു വന്ന ബിദ്ഈ കക്ഷികളായ ഖവാരിജുകൾ [10], ഖദരിയ്യാക്കൾ [11] എന്നിവരെ പോലെയല്ലായിരുന്നു [12] അവർ. എന്നിട്ടു കൂടി ഈമാൻ ഉണ്ടായിരുന്ന ചിലയാളുകളെ അവരുടെ കഠിനമായ അറിവില്ലായ്മ കാരണത്താൽ പിടികൂടാൻ റാഫിദികൾക്ക് കഴിഞ്ഞിട്ടുണ്ട്." (മിൻഹാജുസ്സുന്ന: 4/363.)

ഇബ്നുൽ ഖയ്യിം പറയുന്നു : "സത്യം സ്വീകരിക്കുന്നതിൽ നിന്ന് തടയുന്ന കാരണങ്ങൾ വളരെയധികമുണ്ട്. അതിൽ പെട്ടതാണ് അറിവില്ലായ്മ (ജഹ്ൽ). ഈ കാരണമാണ് അധികമാളുകളുടെയും വഴിപിഴവിന് കാരണം. മനുഷ്യൻ തനിക്ക് അറിയാത്തതിന്റെ ശത്രുവാണ്; അത് പറയുന്നവരുടെയും." (ഹിദായത്തുൽ ഹയാറ: 18.)

ഇബ്നു തൈമിയ്യ(റ) പറയുന്നു : "സുന്നത്ത് പഠിക്കുന്നതിലും പ്രാവർത്തികമാക്കുന്നതിലുമുള്ള തന്റെ കുറവ് കാരണത്താലല്ലാതെ ഒരാളും ബിദ്അത്തിൽ വീണു പോയത് നിനക്ക് കാണാൻ സാധിക്കുകയില്ല. ബിദ്അത്തിലേക്ക് എത്തിക്കുന്ന ഒന്നും തന്നെ സുന്നത്തിൽ പാണ്ഡിത്യം നേടിയവനും പ്രാവർത്തികമാക്കുന്നവനുമായ ഒരാളിൽ ഉണ്ടാവുകയില്ല. സുന്നത്തിൽ അറിവില്ലാത്തവർ മാത്രമാണ് ബിദ്അത്തിൽ വീഴുക." [13]

സ്വന്തം അറിവില്ലായ്മ ഇല്ലാതാക്കുന്നതിനുള്ള ശ്രമത്തിൽ തീർത്തും അലസത കാണിച്ചവന് അറിവില്ലായ്മ കൊണ്ടുള്ള ഒഴിവ് കഴിവ് (الْعُذْرُ بِالْجَهْلِ) നൽകപ്പെടുന്നതല്ല.

---

പൂർണമായി ഈ സമൂഹം പിഴച്ചു പോകുന്നതിൽ നിന്ന് അല്ലാഹു മുസ്‌ലിംകളെ രക്ഷിച്ചു. അല്ലാഹുവിനാകുന്നു സർവ്വ സ്തുതികളും.

[9] നബി(സ)ക്ക് ശേഷം ഖിലാഫത്തിന് മറ്റെല്ലാവരെക്കാളും അർഹൻ അലി(റ) ആണെന്ന് വിശ്വസിക്കുന്ന ശിയാക്കളിലെ ഒരു കക്ഷിയാണിവർ. അലി(റ)വിൽ തുടങ്ങുന്ന പന്ത്രണ്ട് ഇമാമുമാരാണ് ലോകത്തിന്റെ നിയന്ത്രണം എന്നത് അവരുടെ വിശ്വാസത്തിൽ പെട്ടതാണ്. ഈ ഇമാമുമാർക്ക് പ്രവാചകന്മാരെക്കാൾ വലിയ സ്ഥാനമുണ്ടെന്ന് ജൽപ്പിക്കുന്നവർ വരെ ഇക്കൂട്ടത്തിലുണ്ട്. അലി(റ)യുടെ പേരമകനായ സയ്ദ് ബ്നു അലിയ്യ്(റ)വിനെ സഹായിക്കാതെ റഫ്ദ് (തള്ളിക്കളയുക) ചെയ്തതിനാലാണ് ഇവർക്ക് റാഫിദികൾ എന്ന പേര് ലഭിച്ചത്. എണ്ണിക്കണക്കാക്കാൻ കഴിയാത്ത അവാന്തരകക്ഷികളും, ചിന്തിക്കാൻ പോലും കഴിയാത്ത കുഫ്റൻ വിശ്വാസങ്ങളും ഈ കക്ഷിയിൽ പെട്ടവർക്കുണ്ട്.

[10] അലി(റ)യുടെ ഭരണകാലത്ത് അദ്ദേഹത്തിനെതിരെ വിപ്ലവം നയിച്ചു കൊണ്ട് പുറപ്പെട്ട കക്ഷിയാണ് ഖവാരിജുകൾ. അനേകം പിഴച്ച ചിന്താഗതികൾ ഈ കക്ഷിയുടേതായി ഉണ്ട്. അതിൽ പ്രധാനമായത് വൻപാപങ്ങൾ (കബാഇർ) ചെയ്യുന്നവർ കാഫിറാണെന്നും, അവർ ശാശ്വത നരകവാസം അനുഭവിക്കേണ്ടി വരുമെന്നുമുള്ള വാദമാണ്. ഹറൂറികൾ എന്നും ഈ കക്ഷിയെ വിളിക്കാറുണ്ട്.

[11] ഖദറിനെ (അല്ലാഹുവിന്റെ വിധിയിലുള്ള വിശ്വാസം) നിഷേധിച്ച കക്ഷിയാണിവർ. ആദ്യം ഈ വാദം പറഞ്ഞത് മഅ്ബദുൽ ജുഹനിയ്യ് എന്ന വ്യക്തിയാണ്. സ്വഹാബികളുടെ അവസാനകാലഘട്ടത്തിലാണ് ഈ പുത്തൻവാദത്തിന്റെ തുടക്കം.

[12] ഖവാരിജുകളും ഖദരിയ്യാക്കളും കൊണ്ടു വന്ന വാദഗതികൾക്ക് വിശുദ്ധ ഖുർആനിൽ നിന്നും, ഹദീഥുകളിൽ നിന്നും വ്യാഖ്യാനസാധ്യതയുള്ള തെളിവുകളുടെ പിൻബലമെങ്കിലുമുണ്ടായിരുന്നു. അതിനാൽ ആഴത്തിലുള്ള വിജ്ഞാനമില്ലാത്തവർക്ക് അവ ആശയക്കുഴപ്പമുണ്ടാക്കാനുള്ള സാധ്യത കൂടുതലാണ്. എന്നാൽ റാഫിദികളുടെ കാര്യം നേരെ തിരിച്ചായിരുന്നു. വിശുദ്ധ ഖുർആനിലെ അനേകം ആയത്തുകൾ വ്യക്തമായി അവരുടെ വിഢിത്തങ്ങൾക്ക് എതിരാണെന്നതിനൊപ്പം, കേവല വിവരമുള്ളവന് പോലും കെട്ടിച്ചമക്കപ്പെട്ട ഹദീഥുകളാണിവ എന്ന് പറയാൻ സാധിക്കുന്ന കള്ളഹദീഥുകളായിരുന്നു അവരുടെ പ്രമാണം. എന്നിട്ടു പോലും ഇസ്‌ലാമിനോട് ആത്മാർഥതയുണ്ടായിരുന്ന ചിലരെങ്കിലും തങ്ങളുടെ അറിവ്കുറവ് കാരണത്താൽ അവരുടെ അബദ്ധത്തിൽ പെട്ടു പോയിട്ടുണ്ട്.

[13] ശർഹു ഹദീഥ് ലാ യസ്നിയസ്സാനി: 35.

ഇബ്നു തൈമിയ്യ(റ) പറഞ്ഞു : "സത്യം വ്യക്തമായ ശേഷം അതൊഴിവാക്കിയവനും, കാര്യം വ്യക്തമാകുന്നത് വരെ സത്യമെന്താണെന്ന് അന്വേഷിക്കുന്നതിൽ കുറവ് വരുത്തിയവനും, മടിയോ ദേഹേഛയോ കാരണത്താൽ സത്യാന്വേഷണം പൂർണമായും ഉപേക്ഷിച്ചവനും (ഒരു പോലെ) ആക്ഷേപാർഹരാണ്." [14]

ശൈഖ് നാസ്വിർ അസ്സഅ്ദി(റ) പറയുന്നു : "താൻ അകപ്പെട്ടിട്ടുള്ള ബിദ്അത്തുകളിൽ തൃപ്തിയുള്ളവനും, മതപരമായ തെളിവുകളും, സത്യവും അസത്യവും തമ്മിൽ വേർതിരിക്കുന്ന (ശരിയായ) വിജ്ഞാനവും അന്വേഷിക്കുന്നതിൽ നിന്ന് തിരിഞ്ഞു കളഞ്ഞവനും, ബിദ്അത്തുകളെ സഹായിക്കുന്നവനും, തന്റെ അറിവില്ലായ്മയുടെയും വഴികേടിന്റെയും കൂടെ ഖുർആനിലും സുന്നത്തിലും വന്ന തെളിവുകളെ തള്ളിക്കളയുന്നവനുമായ വ്യക്തി അല്ലാഹുവിന്റെ വിധിവിലക്കുകളിൽ നിന്നുള്ള അവന്റെ അകൽച്ചയുടെ തോതനുസരിച്ച് അതിക്രമിയും (الظالم) തെമ്മാടിയും [15] (الفاسق) ആണ്." [16]

ശൈഖ് ഇബ്നു ഉഥൈമീൻ(റ) പറഞ്ഞു : "ചില സന്ദർഭങ്ങളിൽ അറിവില്ലായ്മ (നരകശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നതിനോ, കാഫിർ എന്ന് വിളിക്കപ്പെടുന്നതിൽ നിന്നോ) ഒഴിവു കഴിവായി പരിഗണിക്കപ്പെട്ടു കൊള്ളണമെന്നില്ല. മതവിഷയങ്ങളിൽ ഒരു സംശയം (ശുബ്ഹത്ത്) ഉണ്ടായതിന് ശേഷം വിഷയങ്ങൾ പഠിക്കുവാൻ സാധിക്കുന്നതിനോടൊപ്പം അതിൽ നിന്ന് വിട്ടു നിന്നാൽ (അറിവില്ലായ്മ കൊണ്ട് പിഴച്ചു പോയി എന്ന) ഒഴിവ് കഴിവ് അവന് പറയാൻ കഴിയില്ല. ഉദാഹരണത്തിന് ഒരു വ്യക്തിയോട് അയാൾ അനുവദനീയമാണെന്ന് (ഹലാൽ) കരുതിയിരുന്ന ഒരു കാര്യം നിഷിദ്ധമാണെന്ന് (ഹറാം) പറയപ്പെട്ടാൽ ഏറ്റവും കുറഞ്ഞത് ആ വിഷയത്തിൽ അയാൾക്ക് (അന്നു മുതൽ) സംശയമുടലെടുക്കുകയെങ്കിലും ചെയ്യും. പിന്നീട് ആ വിഷയത്തിലുള്ള ശരിയായ വിധി എന്താണെന്ന് ദൃഢബോധ്യത്തോടെ അറിയുന്നത് വരെ  പഠിക്കൽ അയാൾക്ക് നിർബന്ധമാണ്.

(മതവിഷയങ്ങൾ പഠിക്കാൻ അയാൾ തീർത്തും തയ്യാറായില്ലെങ്കിൽ) അയാൾക്ക് നാം അറിവില്ലായ്മയുടെ ഒഴിവുകഴിവ് (ഉദ്ർ) നൽകുകയില്ല. കാരണം അയാൾ മതപഠനത്തിൽ വലിയ അലസത കാണിച്ചവനാണ്.

എന്നാൽ ഒരാൾ അറിവില്ലാത്തവനായിരിക്കുകയും, താൻ നിലകൊള്ളുന്ന (അബദ്ധത്തെ) കുറിച്ച് യാതൊരു സംശയവും അയാൾക്ക് ഇല്ലാതിരിക്കുകയും, താൻ നിലകൊള്ളുന്നത് സത്യത്തിലാണെന്ന് ഉറച്ച് വിശ്വസിക്കുകയും, അതല്ലെങ്കിൽ അത് തന്നെയാണ് സത്യമെന്ന് പറയുകയും ചെയ്യുന്നവനാണെങ്കിൽ അവൻ സത്യത്തിന് എതിരാകുവാനല്ല ഉദ്ദേശിക്കുന്നതെന്നതിലും, തിന്മയോ കുഫ്റോ മനപ്പൂർവ്വം ഉദ്ദേശിക്കുന്നില്ലെന്നതിലും യാതൊരു സംശയവുമില്ല. ദീനിന്റെ അടിസ്ഥാന വിഷയങ്ങളിലാണ് അറിവില്ലാത്തതെങ്കിൽ കൂടി [17] ഇത്തരക്കാരെ നമുക്ക് കാഫിർ എന്ന് വിശേഷിപ്പിക്കാൻ കഴിയില്ല." [18]

---

[14] ഇഖ്തിദാഉസ്സ്വിറാതുൽ മുസ്തഖീം: 2/85.

[15] അല്ലാഹുവിനുള്ള അനുസരണത്തിൽ നിന്ന് പുറത്തു കടന്നവനാണ് മതത്തിൽ ഫിസ്ഖ് എന്ന് പറയുക. അല്ലാഹുവിനുള്ള അനുസരണത്തിൽ നിന്ന് പരിപൂർണമായി പുറത്തു പോയ കാഫിറിനും, വൻപാപങ്ങൾ ചെയ്ത സത്യവിശ്വാസിയെ കുറിച്ചും ഫാസിഖ് എന്ന് പറയും. അവ ഓരോരുത്തരുടെയും തിന്മയുടെ തോതനുസരിച്ച് വ്യത്യാസപ്പെടും. (പരിശോധിക്കുക: അഖീദത്തുത്തൗഹീദ്: സ്വാലിഹ് അൽ- ഫൗസാൻ)

[16] ഇർഷാദു ഉലിൽ ബസ്വാഇർ വൽ അൽബാബി ബിനയ്ലിൽ ഫിഖ്ഹി ബി അഖ്റബിത്ത്വുറുഖി വ അയ്സരിൽ അസ്ബാബ്: 300.

[17] ശൈഖ് ഇബ്നു ഉഥൈമീൻ പറഞ്ഞു : "എല്ലാവർക്കും അറിവില്ലായ്മ കൊണ്ട് ഒഴിവ് കഴിവ് നൽകപ്പെടുമോ എന്ന് ചോദിച്ചാൽ അതിനുള്ള ഉത്തരം ഇല്ലെന്നാണ്. മുസ്ലിംകൾ നിറഞ്ഞു നിൽക്കുന്ന നാട്ടിൽ താമസിച്ചിട്ടും, നമസ്കാരം, സക്കാത്ത്, ഹജ്ജ്, നോമ്പ് പോലുള്ളവ (നിർബന്ധമാണെന്ന കാര്യം) ഒരാൾ നിഷേധിക്കുകയും, എനിക്ക് (ഇതിന്റെ മതവിധി) അറിയില്ലെന്ന് പറയുകയും ചെയ്താൽ അയാൾക്ക് അറിവില്ലായ്മ ഒഴിവുകഴിവായി

പരിഗണിക്കപ്പെടുകയില്ല. കാരണം ഇതെല്ലാം എല്ലാവർക്കും അടിസ്ഥാനപരമായി അറിയുന്ന കാര്യമാണ്... എന്നാൽ ഇസ്‌ലാമിലേക്ക് പുതുതായി കടന്നു വന്ന ഒരു വ്യക്തിയോ, (ആദിവാസികളെപ്പോലെ) ജനങ്ങളിൽ നിന്ന് അകന്ന് താമസിക്കുന്നവനോ ആണെങ്കിൽ അവന് അറിവില്ലായ്മ ഒഴിവു കഴിവാകും... എന്നാൽ കാര്യം അയാൾക്ക് വ്യക്തമാക്കി നൽകിയതിന് ശേഷവും അയാൾ തന്റെ വാദത്തിൽ തുടരുകയാണെങ്കിൽ അയാൾ കാഫിറാണെന്ന് നാം (പണ്ഡിതന്മാർ) വിധിക്കുന്നതാണ്." (6/192-193)

[18] അശ്ശർഹുൽ മുമ്തിഅ്: 6/194.